# പച്ചപ്പറവേടെ നാട്ടീന്നൊരു ലൗ ജിഹാദ്

ജാസ് കുടത്തായി



പച്ചപ്പറവേടെ നാട്ടീന്നൊരു ലൗ ജിഹാദ്

ജാസ് കൂടത്തായി

(കഥ)

© Author

Published with the permission from author

by Darsanam Samskarika Vedi, Kalandithazham,

Kozhikode - 673 571.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: My wish, a drawing by Jas Koodathayi.

# പച്ചപ്പറവേടെ നാട്ടീന്നൊരു ലൗ ജിഹാദ്

കാർമേഘം കൊണ്ട് മുഖം തുടച്ച നിൽക്കുന്ന ആകാശം. അങ്ങിങ്ങ് ചെറിയ കറുപ്പ് നിറം കാണുന്നു. സൂര്യന് പൊട്ടിച്ചിരിക്കണമെന്നുണ്ട്...

ആകാശത്തിന്റെ മുഖം കാണുമ്പോൾ പുഞ്ചിരിയിൽ ഒതുക്കുന്നു. പ്രവേശനോത്സവം കൊഴുപ്പിക്കാൻ വേണ്ടതെല്ലാം ചെയ്തു. ഇനി പരിസ്ഥിതി ദിനം കളറാക്കണം. ചിന്തയുടെ പുകച്ചുരുൾ തലയിൽ നിറഞ്ഞപ്പോൾ -കഷണ്ടിത്തലയിൽ കയ്യോടിച്ച സാന്ത്വനപ്പെടുത്തി...

അസ്ഥിയിൽ വസിക്കുന്ന പരിസ്ഥിതി സ്നേഹം യാന്ത്രിക ചലനം നൽകുന്ന ഒരാൾ... ചെടികളോടും പൂക്കളോടും എന്തിനേറെ പുഴകളോട് വരെ പെരുത്തിഷ്ടം... സമയം കിട്ടുമ്പോൾ ഇരുതുള്ളി പുഴയുടെ തീരത്തു ചെന്ന് നിൽക്കും. ആർത്തലച്ച് ഓടുന്ന വെള്ളത്തോട് കാര്യം തിരക്കും.

സങ്കടം പേറി ഒഴുകാതെ നിൽക്കുന്ന വെള്ളത്തിൽ തലോടി സാന്ത്വനിപ്പിക്കും. കരഞ്ഞുകലങ്ങിയ ചുമന്ന കണ്ണുമായ് കാൽ പിടിക്കാനെത്തുന്ന പരൽ മീനുകൾക്കൊപ്പം ചെന്ന് തണ്ടാടി വലകൾ വലിച്ചെറിയും.

അങ്ങിനെ ചിന്താദേവിയുടെ മടിത്തട്ടിൽ ആസ്വദിച്ച് കിടക്കുന്നു. ജീവനുണ്ടോ എന്നറിയാൻ ചിന്ത ഇടക്കിടെ ഇക്കിളിപ്പെടുത്തി കൊണ്ടിരിക്കുന്നു. ആരും ഗൗനിക്കാത്ത ആരെയും ഗൗനിക്കാത്ത സെക്കന്റ് സൂചിയെ പോലും പരിഗണിക്കുന്ന ഞാൻ ചാടി എഴുനേറ്റു.

പലതും പ്ലാൻ ചെയ്തു. കറുത്ത മേനിക്ക് അഴക് ചാർത്താൻ നരച്ച വെളുത്ത പാന്റ്സും ക്രീം കളർ ഷർട്ടും എടുത്തണിഞ്ഞു. സമയം ധൃതികൂട്ടി ഓടി ഓടി നാലുമണിയിൽ തട്ടിയിരിക്കുന്നു.

മുറ്റത്തെ നാലുമണിമുല്ല സമയമറിയിച്ച ചിരിച്ച നിൽക്കുന്നു. നാലു മണിമുല്ല വീടിന് നല്ലതല്ല, കൊണക്കേട് കൊണ്ടുവരും. നാട്ടുകാരുടെ മണ്ടൻ കാഴ്ച്ചപ്പാട് ഒച്ചത്തിൽ ചെവിയിലോതിയത് മുറ്റത്തെ ചാമ്പങ്ങ മരച്ചവട്ടിൽ നിന്നും ഓടിയെത്തിയ ചിന്തയാണ്.

ഈയിടെയായി അവളുമായുള്ള കൂട്ടുകെട്ട് കൂടുതലാണെന്നും, എന്ത് പറ്റിയെന്നും ഭാര്യ ചോദിക്കാറുണ്ട്.

പെട്ടെന്ന് ഒരു പേനയെടുത്ത് ചിലത് കുത്തിക്കുറിച്ചു. പോലീസ് ചോദിച്ചാൽ കാണിക്കാനുള്ള സത്യവാങ്മൂലം.

ഒരു കടലാസ് പെട്ടിയിൽ കുറച്ച് കാന്താരി തൈ, ആകാശവെള്ളരി, ചായ മൻസ, സീതപ്പഴം, വ്യത്യസ്ത ഇനം ചീരകൾ... നല്ല എരിവുള്ള കുറച്ച കാന്താരി മുളകും

എടുത്ത് യാത്രക്കൊരുങ്ങി... ഭൂമിയിലേക്ക് നൂലറുത്തിടുന്ന ആകാശത്തെ നോക്കി. മഴ ശക്തിയാവില്ല എന്ന മനസിന്റെ ഉറപ്പിൽ മുന്നോട്ടു നീങ്ങി. പെൻസിലും പേനയുമില്ലാതെ നീളത്തിൽ വെളുത്ത വരയിട്ട കറുത്ത റോഡിലേക്കിറങ്ങി.

ഫോൺ ചെയ്തു: "ഹലോ... ജോൺസേട്ടനല്ലേ... അവിടെയില്ലേ...?"

ഉണ്ടെന്ന് മറുപടി.

"ഞാനിപ്പോൾ വരാം." ഇതുവരേ ഞങ്ങൾ കണ്ടിട്ടില്ല എന്നതാണ് സത്യം. പരിസ്ഥിതി സ്നേഹത്തിന്റെ ഒരു ബന്ധം മാത്രം.

ഇരുപത്തൊന്നു കിലോ മീറ്റർ വണ്ടി ഓടിച്ച് സ്ഥലത്തെത്തി. മനസ്സ് പോലെ വെളുത്ത മുടിചൂടിയ ഒരാൾ എന്നെ കാത്ത് റോഡരികിൽ. ഇലച്ചാർത്തുകൾ കുളിർ വിതറിയ ആ വഴി ചൂണ്ടി കൊണ്ട് പറഞ്ഞു: "ദാ... അതാണ് വീട്."

ഐശ്വര്യം നിറഞ്ഞ ആ വീടിന്റെ മുമ്പിൽ എത്തി നിന്നു. വിശാലമായ ഹരിത അങ്കണത്തിൽ നിന്ന് കടലാസ് പെട്ടിയിൽ കയറിയ ഓരോ ചെടികളേയും പേരു ചൊല്ലി വിളിച്ച് പുറത്തിറക്കി. യാത്രയുടെ മടുപ്പോ, പുറംലോകം കാണാനുള്ള കൊതിയോ കാരണം തല പുറത്തിട്ട വെള്ള കാന്താരിയാണ് ആദ്യം പുറത്തിറങ്ങിയത്.

ഞാൻ 'സീതപ്പഴം' എന്ന് പറഞ്ഞു തൈ പുറത്തെടുത്തപ്പോൾ ജോൺസേട്ടൻ പറഞ്ഞു, "ഇതു സുഭദ്ര..."

ങ്ങേ!!

പെട്ടെന്ന് തിരിഞ്ഞു... ഒരു വാദപ്രതിവാദത്തിന് സമയം തരാതെ, തന്റെ ചാരെ നിൽക്കുന്ന ചേച്ചിയെ തൊട്ടു പറഞ്ഞു: "ഇത് എന്റെ ഭാര്യ സുഭദ്ര."

"പിന്നെ ഇതു ഞങ്ങളുടെ സഹായി മിനി."

പുഞ്ചിരിയിൽ പൊതിഞ്ഞ പാൽ പല്ലുമായി "മോന് ഒരു ഗ്ലാസ് പാലൊഴിച്ച ചായ എടുക്കട്ടെ" എന്ന് സുഭദ്രേച്ചി.

വേണ്ടാ എന്ന് പറയും മുമ്പേ വീട്ടുകാരൻ ഇടപെട്ടു. "കാസറകോടൻ കുള്ളന്റെ പാലാ. നമ്മളെ വീട്ടിലെ പാല് തന്നെയാ. കഴിഞ്ഞ പതിനഞ്ച് വർഷമായി ഇതിനെ പരിപാലിക്കുന്നു. ഇത്തിരി വൈക്കോലും പിണ്ണാക്കും കിട്ടിയാൽ അവള് ഹാപ്പിയായി. ഞാൻ പശുന്റെ കാര്യവും കുറ്റിചെടീന്റെ കാര്യവുമായി നടക്കും. കെട്ടിയോള് പിശുക്കത്തിയാ. ഇരുപത്തൊമ്പതിനായിരം പെൻഷൻ കിട്ടിയാലും, രണ്ട് ദിവസം കൊണ്ട് മിനിമം ബാലൻസ് ആയിരം കീപ്പ് ചെയ്യും. നാട് ചുറ്റിക്കാണാനും, റോഡരികിലും പൊതുസ്ഥലത്തും വെക്കാനുള്ള മാങ്ങാ അണ്ടിയും കശുവണ്ടിയും മറ്റും പെറുക്കാൻ പോവാനും ബാക്കി ഇരുപത്തിയെട്ടായിരമേ എനിക്ക് തരു..."'

'വീട് ഭദ്രമായി നോക്കാത്തവന്റെ കൂടെ അയക്കാനുള്ളത് കൊണ്ടാണ് പടച്ച തമ്പുരാൻ സുഭദ്ര എന്ന് പേര് നൽകിയത്,' മനസിൽ പറഞ്ഞു.

പരീക്ഷയില്ലാതെ പശു അധ്യായവും, അടിയില്ലാതെ കുടുംബ കാര്യവും അവസാനിച്ചപ്പോൾ ഞാൻ പറഞ്ഞു, "തണുത്ത വെള്ളം മതി."



ചിത്രം 0.1: ജോൺസേട്ടന്റെ വീട്ടിലെ ചെടികളുടെ പശ്ചാത്തലത്തിൽ ജാസ് കുടത്തായി.

തണുത്ത വെള്ളം ചവച്ചിറക്കിയ ഞാൻ ചോദിച്ചു: "ഏട്ടാ... ഒന്ന് ചോദിച്ചോട്ടെ. വിഷമം തോന്നരുത്. പശുന്റെ വാല് പോലെ... പേരിന്റെ കൂടെ ഒരു എം.എ!!! അത് വാലോ... ഡിഗ്രിയോ !!!"

ഗർഭിണിയെന്ന് തോന്നിക്കുന്ന കാസറകോടൻ പശുവിന്റെ മുമ്പിൽ വെച്ച് അർത്ഥഗർഭമായ ഒരു ചിരി. "മതമില്ലാത്ത ജീവനും കൊണ്ട് ജീവൻ വെച്ച ഒരു വിദ്യാഭ്യാസ വർഷം ഓർമയുണ്ടോ?! ആ മന്ത്രീടെ പേരിന്റെ കൂടെയും ഉണ്ടല്ലോ, അത്..."

തുടരുന്ന മൗനത്തെ തച്ചുടച്ച് എന്റെ ഗവേഷണ ഫലം പുറത്തു വന്നു

"നമ്മുടെ മുൻ വിദ്യാഭ്യാസ മന്ത്രി എം.എ. ബേബി!!"

"ഹ ഹ ഹാ!!! അതെ. അത് അനിയനാ."

മതമില്ലാത്ത ജീവനിലുള്ള എന്റെ ശക്തമായ എതിർപ്പ് ഞാൻ കീശയിൽ വെച്ചു. സ്വന്തം തല കയ്യിൽ പിടിച്ച് വീട്ടിൽ പോരേണ്ട അവസ്ഥയിലും വാൾ ഊരുന്ന ഞാൻ. അയാളുടെ പ്രഭാത സവാരിയിലെ കൂട്ടുകാരെ കാണുന്ന തിരക്കിലായിരുന്നു.

"അല്ല നിങ്ങളുടെ ഫോട്ടോ ഇതിലില്ലല്ലോ!!" നിലാവിനെ അഴിച്ചുവിട്ട ചന്ദ്രനെപ്പോലെ കലുങ്ങി ചിരിച്ചു കൊണ്ട് പറഞ്ഞു: "ഞാനാ ഫോട്ടോഗ്രാഫറ്."

"ഓ.. പിന്നെ. അതിനെന്താ സെൽഫി മോഡിലെടുത്താൽ പോരായിരുന്നോ...!?"

അൽപം ദയനീയത കലർന്ന സ്വരത്തിൽ മറുപടി കിട്ടി. "വില പിടച്ച ഫോണുണ്ടായിട്ടു കാര്യല്ല. തല തിരിഞ്ഞ വിവരല്ലായിട്ടാ. എന്താക്കാനാ..."

ഏതായാലും കൂട്ടത്തിൽ കേരളത്തിന്റെ പച്ചപ്പറവയുമുണ്ട്!!!

"ജോൺസേട്ടാ ഇത് കേരളത്തിന്റെ പച്ചപ്പറവയല്ലേ?"

“എന്ത്?”

“കേരളത്തിന്റെ പച്ചപ്പറവയോ?”

“നിങ്ങൾക്ക് അറിയില്ലേ ഇയാളെ. ഒരു പാട് മരങ്ങൾ വെച്ചു പിടിപ്പിച്ചു. അതിലെ അനേകായിരം ഇലകൾ പൊഴിഞ്ഞു. എന്നിട്ടും അദ്ദേഹത്തിന്റെ ആവേശത്തിൻ മരത്തിൽ നിന്നും ഒരില പോലും കൊഴിഞ്ഞിട്ടില്ല. എന്നും നൂറ് പുതുനാമ്പുകൾ ഉണ്ടാവുന്നു!!!”

സിനിമക്കാർ വാഴ്ത്തിപ്പാടുന്ന ജോൺ എബ്രഹാമുമായി കേരളം മുഴുവൻ ടൂ വീലറിൽ വർഷങ്ങൾ പറന്ന പച്ച കുപ്പായക്കാരൻ, ജോയ് മാത്യുവിന്റെ പ്രശസ്ത സിനിമകളിൽ എല്ലാം പരാമർശിക്കപ്പെടുന്ന മനുഷ്യ സ്നേഹി. പരിസ്ഥിതിയുടെ പരമോന്നത ദേശീയ ബഹുമതി - ഇന്ദിരാ പ്രിയദർശിനി വൃക്ഷമിത്ര പുരസ്കാരം നേടിയ, മലയാളത്തിൽ വിശേഷിപ്പിക്കാൻ വാക്കില്ലാതെ അയാൾ അസ്വസ്ഥനായി.

അവസാനം അയാൾ തുടർന്നു. ഈ പുരസ്കാരങ്ങൾ നേടിയ “കേരളത്തിന്റെ പച്ചപ്പറവ” തന്നെയാണ് ഈ പ്രൊഫസർ ശോഭീന്ദ്രൻ സാർ...

അറിയാം. അദ്ദേഹം ഇന്ന് മുതൽ “കേരളത്തിന്റെ പച്ചപ്പറവ” എന്ന അപരനാമത്തിൽ അറിഞ്ഞാൽ മതി. ഈ പരിസ്ഥിതി പ്രവർത്തകന്റെ സ്നേഹസമ്മാനമാണിത്. കൂട്ടുകാരന് കിട്ടിയ ഈ അംഗീകാരത്തിൽ സന്തോഷം കണ്ണീർ പൊഴിക്കുന്നതായി എനിക്ക് തോന്നി.

നടക്കുന്നവരെല്ലാം അസ്സൽ ചെറുപ്പക്കാർ. എട്ട്... പത്ത്!!! വയസല്ല കെട്ടോ... നടക്കുന്നവരുടെ എണ്ണം.

കേവലം അറുപത്, അറുപത്തഞ്ച് വയസ് തോന്നിക്കുന്നവർ!!!

ഞാൻ ചിരിച്ചുപോയി. എന്റെ ചിരിയുടെ അർത്ഥം മനസിലാക്കിയ അയാൾ പറഞ്ഞു. "ചിരിക്കേണ്ട. ഇതിന് മുമ്പ് കുതിരവട്ടം ആശുപത്രി സൂപ്രണ്ടായിരുന്ന ആശാദേവി ഈ നടത്തക്കാരെ കണ്ട് ഇതുപോലെ ഒരു ചിരി ചിരിച്ചു. കാര്യം തിരക്കിയപ്പോൾ പറയാ. 'ഇത്രയും കിളവൻമാർക്ക് ഒന്നിച്ച് വട്ടായത് ഓർത്തുചിരിച്ചു പോയതാന്ന്' "

ഞാൻ പറഞ്ഞു... "ആശാദേവി സത്യം പറഞ്ഞു."

അസ്തമയ സൂര്യൻ ചെഞ്ചായം പൂശിയ മുറ്റത്തേക്ക് അപ്പോഴാണ് ഞാൻ നോക്കിയത്. "ഹായ്!!!"

മുത്തശ്ശിമാരുടെ നിഴൽപറ്റി കുട്ടികളും പേരക്കിടാങ്ങളും നിരന്നു നിൽക്കുന്നു. ഞാൻ വരുന്നതറിഞ്ഞ് വന്നതല്ല. അവർ അവിടെതന്നെ താമസിക്കുന്നവരാണ്. അവരുടെ ഇടയിൽ ചെന്നുനിന്നു. കുശലം പറഞ്ഞു. "സാറെ എനിക്ക് ഈ സുന്ദരിമാരുടെ ഇടയിൽ നിന്ന് ഒരു ഫോട്ടോ വേണം."

അവളുമാരുടെ മുഖത്ത് ചമ്മലുണ്ടെങ്കിലും, ചിലർ ചിരിക്കുന്നു. ഇളങ്കാറ്റിൽ രണ്ടു മൂന്നാൾക്കാർ തലയാട്ടി. മറ്റു ചിലർ മുഖത്തോടു മുഖം നോക്കുന്നു. ഒന്നുമറിയാത്ത മട്ടിൽ ആകാശത്തേക്ക് നോക്കിയിരിക്കുന്ന ഒരാൾ. തൊട്ടടുത്തായി എന്നെ കളിയാക്കാൻ ചെമ്പരത്തിപ്പൂവ് ചെവിയിലിറുക്കി നിൽക്കുന്ന മറ്റൊരുവൾ. കേശഭാരം കൊണ്ട് മറിഞ്ഞു വീണവൾക്ക് സമീപം അഞ്ചാറു മുടിഴിയകൾ മാത്രമുള്ള ഒരാൾ അതിൽ എട്ടുപത്തു

മുല്ലപ്പൂക്കൾ ചൂടിയിരിക്കുന്നു. എല്ലാവരും കാച്ചിയ എണ്ണതേച്ച് ഇളം മഞ്ഞിൽ കുളിച്ച് കയറിയ പ്രതീതി...

അവരുടെ മുഖത്തും കൈകളിലും പറ്റിപ്പിടിച്ചിരിക്കുന്ന നനവ് വിയർപ്പുതുള്ളികളാണോ? എന്നെനിക്കറിയില്ല. പിന്നെ... വീടിന്റെ ചുമരിൽ ചാരി നിൽക്കുന്ന അഞ്ചാറു പേർ. കണ്ടിട്ട് തെക്കൻ മൊഞ്ചുള്ള മുഖം. രണ്ടു മൂന്നാളുകൾ കർണാഭരണം അണിഞ്ഞിട്ടുണ്ട്. അവരെ ചൂണ്ടികാണിച്ച് ജോൺസേട്ടൻ പറഞ്ഞു: "ഒരാളെ കൂടെ കൂട്ടിക്കോ!!"

എന്റെ മതമോ, ജാതിയോ ചോദിക്കാതെ. പോകട്ടേ.. എന്ന് വെക്കാം. കല്യാണം കഴിച്ചോ എന്ന് പോലും ചോദിക്കാതെ അയാളുടെ അരുമകളിൽ ഒന്നിനെ എന്റെകൂടെ അയക്കുക!!! ഞാൻ മുസ്ലിം. മതകാര്യത്തിൽ ഒട്ടും വിട്ടുവീഴ്ച്ച ഇല്ലാത്തവൻ. അയാളോ..? ക്രിസ്ത്യാനി!!!!

സന്തോഷവും അമ്പരപ്പും കാരണം എന്ത് ചെയ്യണമെന്നറിയാതെ നിൽക്കുമ്പോൾ, ജോൺസേട്ടന്റെ ശബ്ദം പൊങ്ങി. "മിനിയേ... മിനിയേ... ഇങ്ങ് വാ..."

"ഇതാ ഞാൻ വരാം." മിനിയെത്തും മുമ്പ് മൊഴിയെത്തി!!!

മൺതരികൾ പോലുമറിയാത്ത കാൽപെരുമാറ്റവുമായി മിനിയെത്തി. "എന്താ ചാച്ചാ??"

"അവരിൽ ഒരാളെ സാറിന്റെ കൂടെ അയക്ക്."

മിനിയും എന്റെ മതം ചിന്തിച്ചില്ല. അവരുടെ അടുത്തേക്ക് മിനി നടക്കാൻ തുടങ്ങിയതും, പനനീർപൂ പോലെ ചുമന്ന മുഖമുള്ള ഒരുവൾ നൈറ്റിയിൽ കയറിപ്പിടിച്ചു.

നൈറ്റിയിലെ പിടിവിട്ടപ്പോൾ മൂർച്ചയേറിയ നഖം കൊണ്ട് കാലിൽ മാന്തിപ്പൊളിച്ചു. അവൾ ഒരു ഊമപ്പെണ്ണായിരുന്നു. അവളുടെ കൂട്ടുകാരിയെ എന്റെ കൂടെ അയക്കുന്നതിലുള്ള അമർഷമായിരുന്നു ആ അക്രമം.

ഒരാളെ കൈക്കു പിടിച്ചു എന്നെ ഏൽപ്പിച്ചു. “സാറെ... റോഡിലൂടെ ഒരുപാട് ദൂരം പോവാനുള്ളതല്ലേ... ആൾക്കാർ കാണൂലേ... അവളെ മൂടാൻ ഒരു മൂടുപടം തരട്ടെ?” ജോൺസേട്ടൻ ചോദിച്ചു.

“വേണ്ട... എനിക്ക് പ്രശ്നമില്ല.”

സദാചാരക്കാരെ ഭയന്നിട്ടാണോ എന്ന് എനിക്ക് അറിയില്ല. “ഞാൻ ഈ വലിയ കടലാസു പെട്ടിയിൽ ഇരുത്തിക്കൊള്ളാം.”

പണ്ട് ഗൾഫിൽ ജോലി ചെയ്തപ്പോൾ കേട്ട കാര്യം ഓർമ വന്നു. ഒഴിവു ദിവസം വലിയ ടി.വിയുടെ കാർട്ടൂണിൽ നേപ്പാളി പെൺകുട്ടിയെ റൂമിലെത്തിക്കുന്ന കഥ. മാസത്തിൽ ഒരിക്കൽ കേടാവുന്ന ടി.വി നന്നാക്കാൻ കൊണ്ടുപോവുന്നത്. ബുദ്ധിമാനായ നാളുറാണ് പിടിച്ചത്.

അത് പോട്ടെ കാര്യത്തിലേക്ക് വരാം...

അവളെ നിക്കാഹും താലി ചാർത്തലുമില്ലാതെ ജീവിതത്തിലേക്ക് കൂട്ടി. അവൾ എന്നെ കാത്തിരിപ്പാണ് എന്റെ വണ്ടിയിൽ. ഒരു കല്യാണം കഴിപ്പിച്ചയച്ച അച്ഛൻ പന്തലഴിക്കുമ്പോൾ മനസമാധാനത്തോടെ കോലായിലെ തറയിലിരിക്കുന്ന പോലെ ജോൺസേട്ടൻ ഇരുന്നു.

സ്ത്രീധനം ചോദിക്കാത്ത ഒരാൾക്ക് വീട്ടിലെ ഒരംഗത്തെ

കൊടുത്ത സന്തോഷത്തിൽ എന്നോട് ചോദിച്ചു, വീടിന്റെ മുമ്പിൽ നിർത്തിയിട്ട കാർ ചൂണ്ടിക്കാട്ടി: "കാർ ഓടിക്കുമോ...?"

കുറേ കാലമായി പഠിച്ചിട്ട്. "ഇല്ല. ഓടിക്കാറില്ല. വേണ്ട."

എന്റെ മണ്ണോളം വിനയത്തിലുള്ള മറുപടി കേട്ട സന്തോഷത്തോടെ ഒരുപാട് സംസാരിച്ചു. ഇരുട്ട് വീണു. സൂര്യൻ കള്ളത്തരത്തിന് കൂട്ടുനിൽക്കുന്ന സമയം. എല്ലാവരുടേയും കൺമുമ്പിൽനിന്ന് അവളേയും കൂട്ടി യാത്രയായി.

തമ്പുരാനേ... എന്ത് ചെയ്യും? ആ കാണുന്നത് പോലീസുകാരല്ലേ...

വണ്ടി ഒന്ന് ഒതുക്കി നിർത്തി. ഇവളെ പോലീസുകാര് പൊക്കിയാൽ എന്താവും?!! ജോൺസന്റെ വീട്ടിലെ കുട്ടി. മുസ്ലിം കുടുംബത്തിലെ പയ്യൻ. രോമകൂപങ്ങളിൽ നിന്നും എഴുന്നേറ്റുനിന്ന രോമങ്ങൾ ഒറ്റ സ്വരത്തിൽ പറഞ്ഞു.... "ലൗ ജിഹാദ്..."

നാളത്തെ പത്രത്തിൽ കട്ടി കുറഞ്ഞ മഷിയിലും, ചുവപ്പ് നിറത്തിലും, വെണ്ടെക്കാ വലിപ്പത്തിലും വരുന്ന ഹെഡിംഗുകൾ....

അധ്യാപകൻ അറസ്റ്റിൽ... ലൗ ജിഹാദ്... മുസ്ലിം യുവാവ്... ക്രിസ്ത്യൻ പെൺകുട്ടി... ഒരാളെങ്കിലും കാമുകി കാമുകൻ എന്നെഴുതുമോ??!!!

തന്റെ ഗ്രാമത്തെ ലക്ഷ്യമാക്കി ഓടുന്ന ചാനലുകാർ... കവർ സ്റ്റോറി... നിറം പിടിപ്പിച്ച കഥകൾ... കേട്ടതും കേൾക്കാത്തതും...

ഗ്രാമത്തിലെ പൊട്ടിപ്പൊളിഞ്ഞ പഴയ റോഡിൽ ഗതാഗത കുരുക്കിൽ ഒരു മണിക്കൂർ പെട്ടത് ചാനലുകാർ വാർത്തയാക്കുമോ. ഹേയ്... ഇല്ല. അവർക്ക് വേണ്ടത് എന്റെ ചോരയാണ്. തച്ചുടക്കപ്പെട്ട ഞങ്ങളുടെ സ്നേഹമാണ്.

ഓർത്തപ്പോൾ കണ്ണിൽ ഇരുട്ട് കയറി. കുന്ദമംഗലത്ത് ബാരിക്കേഡ് വെച്ച്, വണ്ടി തടഞ്ഞ് പരിശോധിക്കുന്ന ഒരു പറ്റം പോലീസുകാർ. ഞാൻ മനസ്സുരുകി പ്രാർത്ഥിച്ചു. ഭാഗ്യം അവർ നോക്കിയില്ല. അവൾക്ക് ശ്വാസം മുട്ടുന്നുണ്ടോ..? മറിഞ്ഞു വീണിട്ടുണ്ടോ..? എന്ന് മെല്ലെ പെട്ടി തുറന്നു നോക്കും, ഇരുട്ടിൽ അവളുടെ മൃദുല മേനിയിൽ കൈ തട്ടാനും പ്രത്യേകം ശ്രദ്ധിച്ചു.

വീട്ടിലെത്തി. മുൻവശത്ത് വെളിച്ചമില്ല. കോളിംഗ് ബെല്ലിനടുത്ത ലൈറ്റിടാൻ കൈനീട്ടി. അബദ്ധവശാൽ ബെൽസ്വിച്ച് അമർന്നു. മാസങ്ങളായി മിണ്ടാതെ ഭിത്തിയിൽ തൂങ്ങിക്കിടന്ന അവൻ ഉച്ചത്തിൽ കരഞ്ഞു. “ക്ർ... ക്ർ... ക്ർ...”

മഗ്രിബ് നിസ്കാരം കഴിഞ്ഞ ഉമ്മ നിസ്കാര കുപ്പായം ഉയർത്തിപ്പിടിച്ച്, പൂമുഖത്തെത്തി. വിളർച്ചയും സന്തോഷവും പേറി നിൽക്കുന്ന എന്നെ കണ്ട ഉമ്മ ചോദിച്ചു: “എന്താ? എന്താന്ന്..? ആരാ ഈ വലിയ പെട്ടിയിൽ..? നീ ചോദിച്ചത് കേട്ടില്ലേ?”

സകല ധൈര്യവും സംഭരിച്ചു. ഇനി പറയാം എന്തിനാ മറച്ചു വെക്കുന്നത്. എനിക്ക് തന്നതല്ലേ. എനിക്ക് ഇഷ്ടവുമാണവളെ. ആലങ്കാരികതയുടെ മുഖപടവും വളച്ചുകെട്ടുമില്ലാതെ ഞാൻ പറഞ്ഞു:

“ജോൺസേട്ടൻ തന്ന സ്നേഹ സമ്മാനം....”

“കുറ്റിക്കുരുമുളക്...”

*   *   *

## ജാസ് കൂടത്തായി



ജാസ് കൂടത്തായി
1983 ജൂണിൽ കോഴിക്കോട് ജില്ലയിലെ കൂടത്തായി എന്ന ഗ്രാമത്തിൽ ജനിച്ചു. യഥാർത്ഥനാമം ജാഫർ സാദിഖ്. പിതാവ്: മൂസകുട്ടി മുസ്ല്യാർ. മാതാവ്: ആച്ചുമ്മ.

കൂടത്തായി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ, പുതുപ്പാടി ദാറുൽ മആരിഫ അറബിക് കോളേജ് പഠനം പൂർത്തിയാക്കി. ഇപ്പോൾ മഞ്ഞുവയൽ വിമല യു.പി സ്കൂളിൽ അദ്ധ്യാപകൻ.

സൃഷ്ടികൾ : 74 കവിതകൾ, 15 ചെറുകഥകൾ.

ലാൽ സലാം, വായു തീരും മുമ്പേ, കരിയില, ലഹരി, ഞാൻ, സ്വന്തക്കാർ, അമ്പിളിമാമൻ, സ്നേഹം, നീതി, ഒറ്റ ഉറുപ്പിക, വിൽക്കാനുണ്ടൊരു നാവ്, എന്റെ വിദ്യാലയം, പുഴ, അവസാന യാത്ര, കൽതുറങ്കിലെ അമ്മമാർ, കുമ്പടയാത്ത വാഴകൾ, ഞാനും നീയും, ഭ്രാന്തൻ, ചിരിക്കാത്ത നൊമ്പരം, ഡോക്ടർ എന്നിവ പ്രധാനപ്പെട്ട കവിതകൾ.

കലാലയ ഭൂവിലെ കലാപങ്ങൾ, കരയുന്ന പള്ളിക്കൂടം, താത്തോൾ, ഫകീറിന്റെ റൊട്ടിക്കഷ്ണം, നേർച്ചപ്പെട്ടി, ഇയ്യാംപാറ്റകൾ, ഇരു തുള്ളി പുഴയിലെ വെള്ളാരം കല്ലുകൾ, അങ്കലാപ്പ് എന്നിവ പ്രധാനപ്പെട്ട ചെറുകഥകൾ.

ഭാര്യ : ഷാഹിദ
മകൻ : അബ്ദു റഷീദ്